**പാലക്കാട് തദ്ദേശസ്വയംഭരണവകുപ്പ് ഉപജില്ലാതല സ്ഥിരം അദാലത്ത് സമിതി (2) കൺവീനറുടെ നടപടിക്രമം**

(ഹാജർ: കെ സതീഷ് കുമാർ)

സംഗ്രഹം:- തദ്ദേശസ്വയംഭരണ വകുപ്പ്- പാലക്കാട് ജില്ല-ഉപജില്ലാതല സ്ഥിരം അദാലത്ത് സമിതി (2)- തീരുമാനം സംബന്ധിച്ച്

പരാമർശം:- 1. ശ്രീമതി ലിസ & ഫെമിൻ, അൽ ഫാജ്ർ, കല്യാണക്കാപ്പ്, പള്ളിക്കുന്ന് റോഡ്, മണ്ണാർക്കാട് എന്നിവർ ബഹു. ത. സ്വ. ഭ. വ മന്ത്രി മുമ്പാകെ നൽകിയ പരാതി

2. ഉപജില്ലാതല സ്ഥിരം അദാലത്ത് സമിതി (2)യുടെ 18/01/2024 തിയതിയിലെ തീരുമാനം

**ഉത്തരവ് നമ്പർ: LSGD/JD/PKD/6384/2023-I2 തീയ്യതി: 19/01/2024**

ശ്രീമതി ലിസ & ഫെമിൻ, അൽ ഫാജ്ർ, കല്യാണക്കാപ്പ്, പള്ളിക്കുന്ന് റോഡ്, മണ്ണാർക്കാട് എന്നിവർ ബഹു. ത. സ്വ. ഭ. വ മന്ത്രി മുമ്പാകെ നൽകിയ പരാതി ഉപജില്ലാതല സ്ഥിരം അദാലത്ത് സമിതി (2) മുമ്പാകെ പരിഗണനക്കായി അയച്ചു നൽകിയിരുന്നു. അമ്പലപ്പാറ ഗ്രാമപഞ്ചായത്തിലെ, ലിസ എന്നവരുടെ ഭർത്താവിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിൽ ടിയാന്റെ മരണശേഷം പഞ്ചായത്തിൽ നിന്നും ലൈസൻസ് നൽകിയതും മറ്റും സംബന്ധിച്ചാണ് പരാതി നൽകിയിരുന്നത്. പരാതിക്കാരിയെ കേൾക്കുന്നതിനായി കത്ത് നൽകിയെങ്കിലും ഹാജരായില്ല. പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും വിശദമായ റിപ്പോർട്ട് ലഭ്യമാക്കി. അതിൽ നിലവിൽ ലൈസൻസ് ഉള്ള സ്ഥാപനങ്ങൾക്ക് മാത്രമാണ് ലൈസൻസ് പുതുക്കി നൽകിയതെന്നും, പരാതിക്കാരി കൃത്യമായ കോടതി ഉത്തരവ് ഹാജരാക്കുന്ന മുറക്ക് അതനുസരിച്ചുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും മറ്റും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. രേഖകൾ പരിശോധിച്ചതിൽ സെക്രട്ടറിയുടെ നടപടി അംഗീകരിക്കാവുന്നതാണെന്ന് കാണുന്നു. പരാതിക്കാരി കെട്ടിടത്തിന്റെ ഉടമസ്ഥത സംബന്ധിച്ച് നിയമാനുസരണം കൃത്യത വരുത്തുന്ന മുറക്ക് തുടർനടപടികൾ സ്വീകരിക്കുന്നതിനു സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നതിനും തീരുമാനിച്ചു.

കെ സതീഷ് കുമാർ

ഇന്റേണൽ വിജിലൻസ് ഓഫീസർ

തദ്ദേശസ്വയംഭരണവകുപ്പ്, പാലക്കാട്

പകർപ്പ്: ശ്രീമതി ലിസ & ഫെമിൻ, അൽ ഫാജ്ർ, കല്യാണക്കാപ്പ്, പള്ളിക്കുന്ന് റോഡ്